# പതിനാലാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3114 07.02.2018-ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എ.എം. ആരിഫ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വില്ലേജ് ഓഫീസുകളിലെ ജീവനക്കാർ ജോലിഭാരം മൂലം പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ സംസ്ഥാനം രൂപീകരിക്കുമ്പോൾ എത്രയാണ്; ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാനം രൂപീകരിക്കുന്ന വേളയിൽ തിരുവിതാംകൂർ മേഖലയിലെ വില്ലേജുകളിൽ (പകുതികച്ചേരി) പാർവത്തുകാർ, അക്കൗണ്ടന്റ്, ശിപായി എന്നീ തസ്തികകളും, മലബാർ മേഖലയിലുള്ള വില്ലേജുകളിൽ (അംശകച്ചേരി) അധികാരി, മേനോൻ, കോൽക്കാരൻ എന്നീ തസ്തികകളും നിലവിലുണ്ടായിരുന്നു. ആയവയിൽ ജോലിഭാരമനുസരിച്ച് അക്കൗണ്ടന്റ്, ശിപായി, മേനോൻ, കോൽക്കാരൻ എന്നിവരുടെ എണ്ണത്തിൽ വ്യത്യാസം ഉണ്ടായിരുന്നു. നിലവിൽ വില്ലേജ് ആഫീസുകളിലെ സ്റ്റാഫ് പാറ്റേൺ ചുവടെ പറയും പ്രകാരമാണ്.<br><br>വില്ലേജാഫീസർ - 1 (ഒന്ന്)<br>സ്പെഷ്യൽ വില്ലേജ് ഓഫീസർ - 1 (ഒന്ന്)<br>വില്ലേജ് അസിസ്റ്റന്റ് - 1 (ഒന്ന്)<br>വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് - 2 (രണ്ട്)<br>പാർടൈം സ്വീപ്പർ - 1 (ഒന്ന്) |
| (സി) | കാലാനുസൃതമായി സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ |

അപര്യാപ്തമാണെന്നു കണ്ട് ജോലി ഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**